# മഹാത്മാഗാന്ധി സർവകലാശാല

**പ്രിയദർശിനി ഹിൽസ്, കോട്ടയം**

**<u>ക്വട്ടേഷൻ നോട്ടീസ്</u>**

എ.ഡി.ബി.**3/**മരങ്ങൾ **- SOL - Thalapady - SPAP/1/2022/**ഭരണം 10.02.2022

സർവകലാശാലയിലെ വിവിധ സ്ഥലങ്ങളിൽ നിൽക്കുന്ന ഒപ്പം ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള മരങ്ങൾ വിലയ്ക്ക് വാങ്ങി വെട്ടി നീക്കുന്നതിന് സന്നദ്ധരായവരിൽ നിന്നും മുദ്ര വച്ച കവറിൽ മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.ക്വട്ടേഷനുകൾ ഡെപ്യൂട്ടി രജിസ്ട്രാർ**II** (ഭരണം) മഹാത്മാഗാന്ധി സർവകലാശാല ,പ്രിയദർശിനി ഹിത്സ്,കോട്ടയം,686560 എന്ന വിലാസത്തിൽ നേരിട്ടോ തപാലിലോ എത്തിക്കേണ്ടതാണ്.**അവസാന തീയതി 22.02.2022 2.00p.m.** ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ സെക്യൂരിറ്റി ഡെപോസിറ്റ് ഇനത്തിൽ 5,000/– രൂപ(അയ്യായിരം രൂപ മാത്രം)ക്വട്ടേഷനോടൊപ്പം **സെക്ഷനിൽ 22.02.2022, 2.00p.m.ന് മുൻപ് നേരിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ 22.02.2022 , 2.30p.m.ന് അസംബ്ലി ഹാളിൽ വച്ച് നടക്കുന്ന ലേല നടപടികൾക്ക് ശേഷം തുറക്കുന്നതാണ്.**ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ /സ്ഥാപനത്തിൻെറ ഉടമയുടെ ആധാർകാർഡ്/വോട്ടർID പകർപ്പ്,പാസ്പോർട്ട് സൈസ് ഫോട്ടോ,GST Account No:(ലഭ്യമാണെങ്കിൽ) എന്നിവ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ് . ക്വട്ടേഷനുകൾ അടക്കം ചെയ്ത കവറിന് പുറത്ത് **ക്വട്ടേഷൻ /മരങ്ങൾ/ഫെബ്രുവരി 2022** എന്ന് രേഖപ്പെടുത്തണം.

(ഒപ്പ്)

ഡെപ്യൂട്ടി രജിസ്ട്രാർ.II(ഭരണം)
രജിസ്ട്രാർക്ക് വേണ്ടി

| മുറിച്ചുനീക്കേണ്ടമരങ്ങളുടെപട്ടിക | | | |
|---|---|---|---|
| **SI.No** | **മരത്തിന്റെ പേര്** | **മരങ്ങളുടെഎണ്ണം (മരത്തിന്റെനമ്പർ)** | **മരം നിൽക്കുന്ന സ്ഥലം** |
| 1. | തേക്ക് | 1 | എസ് എം ഇ തലപ്പാടി |
| 2. | തേക്ക് | 1 | എസ് എം ഇ തലപ്പാടി |
| 3. | പാഴ് മരം | 1 | സ്കൂൾ ഓഫ് അപ്ലൈഡ് ഫിസിക്സ് |
| 4. | വാക | 1 | സ്കൂൾ ഓഫ് ലെറ്റേഴ്സ് |
| 5. | മഹാഗണി | 1 | സ്കൂൾ ഓഫ് ലെറ്റേഴ്സ് |
| 6. | ആഞ്ഞിലി | 1 | സ്കൂൾ ഓഫ് ലെറ്റേഴ്സ് |
| 7. | അകേഷ്യ | 1 | സ്കൂൾ ഓഫ് ലെറ്റേഴ്സ് |
| 8. | മുളംകൂട്ടം | 80 | സ്കൂൾ ഓഫ് ലെറ്റേഴ്സ് |

<u>**ക്വട്ടേഷൻ/ലേലവ്യവസ്ഥകൾ**</u>

1.ക്വട്ടേഷൻ ഫാറം 22.02.2022, 12.00 **പി.എം.** വരെ എഡി.ബി–3 സെക്ഷനിൽ നിന്നും കൈപ്പറ്റാവുന്നതാണ്. മുദ്ര വച്ച കവറിലുള്ള ക്വട്ടേഷനുകൾ രജിസ്റ്റേഡ് തപാൽ മാർഗ്ഗമോ നേരിട്ടോ ഡെപ്യൂട്ടി രജിസ്ട്രാർ**II** (ഭരണം)ന്സമർപ്പിക്കേണ്ട അവസാന തീയതി 22.02.2022, 2.00 **പി.എം.**ആണ്.ക്വട്ടേഷനോടൊപ്പം,ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ/സ്ഥാപനത്തിൻെറ ഉടമയുടെ **ആധാർ കാർഡിൻെറ പകർപ്പ്, പാസ്പോർട്ട് ഫോട്ടോ,**GST Account No:(ലഭ്യമാണെങ്കിൽ)എന്നിവയും സമർപ്പിക്കേണ്ടതാണ്.

2.ലേല തീയതി 22.02.2022, 2.30p.m. ലേലത്തിനു ശേഷം ക്വട്ടേഷനുകൾ തുറക്കുന്നതാണ്. അന്നേ ദിവസം അവധി ആയാൽ അടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതാണ്.

3.ക്വട്ടേഷൻ സമർപ്പിക്കുന്നവർ സെക്യൂരിറ്റി ഡെപോസിറ്റ് ആയി 5,000/– രൂപ(അയ്യായിരം രൂപ മാത്രം) **കൂടാതെGST-18%, Forest Development Tax 5.25%** അടക്കംക്വട്ടേഷനോടൊപ്പം ഭരണവിഭാഗത്തിലെ എ.ഡി.ബി.3 സെക്ഷനിൽ 22.02.2022, 2.00p.m.ന് മുൻപ് നേരിൽ സമർപ്പിക്കേണ്ടതാണ്.**ക്വട്ടേഷൻ സമർപ്പിക്കുന്നവരെ മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളു.**

4.ക്വട്ടേഷനോ ലേലത്തിനോ ഏതിനാണോ കൂടുതൽ തുക വാഗ്ദാനം ചെയ്യപ്പെടുന്നത് ആ തുകയ്ക്ക് വില്പന സ്ഥിരപ്പെടുത്തുന്നതാണ്.

5.ലേലം/ക്വട്ടേഷൻ ഉറപ്പിച്ചു ലഭിക്കുന്ന ആൾ തുകയുടെ 25% അപ്പോൾതന്നെയും ബാക്കി തുകയും വിൽപ്പനനികുതിയും, FDT യും ചേർത്ത് മുൻകൂർ അടച്ച് ടി. പരിസരത്തെ മറ്റു മരങ്ങൾക്കോ വസ്തു വകകൾക്കോ നാശനഷ്ടങ്ങൾ സംഭവിക്കാതെ മരങ്ങൾ മുറിച്ച് മാറ്റേണ്ടതുമാണ്. മരങ്ങളുടെ മുറിച്ചു നീക്കൽ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ മാത്രം നിർവഹിക്കേണ്ടതാണ്.

6.ലേലം/ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി നിശ്ചിത ദിവസത്തിനകം ബാക്കി തുക അടക്കാതെ പിന്മാറുന്ന പക്ഷം പുനർ വിൽപ്പനയിൽ ഉണ്ടാകാവുന്ന എല്ലാ നഷ്ടങ്ങൾക്കും ബന്ധപ്പെട്ട ലേലം/ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടിയ വ്യക്തി ഉത്തരവാദിയായിരിക്കുന്നതാണ്.നിരതദ്രവ്യം ഉൾപ്പെടെ അതു വരെ അടച്ച എല്ലാ

തുകയും സർവകലാശാലാ ഫണ്ടിലേക്കു മുതൽ കൂട്ടുന്നതും നഷ്ടം വരുന്ന തുക കോടതിച്ചിലവുൾപ്പെടെ ഈടാക്കാനുള്ള നടപടി എടുക്കുന്നതുമാണ്.

7.ലേലം/ക്വട്ടേഷൻ ഏറ്റവും കൂടിയ തുക വാഗ്ദാനം ചെയ്യുന്ന ഒന്നും രണ്ടും സ്ഥാനക്കാരുടെ നിരതദ്രവ്യം നടപടികൾ പൂർത്തിയാക്കിയ ശേഷം മാത്രമേ തിരികെ നൽകുകയുള്ളു.

8.സർവ്വകലാശാലാ എസ്റ്റേറ്റ് ഓഫീസർ അടയാളപ്പെടുത്തിയ മരങ്ങൾ മാത്രമെ മുറിക്കുവാൻ പാടുള്ളു.

9.മരങ്ങൾ മുറിക്കുന്നതും നീക്കം ചെയ്യുന്നതും ചുമതലയുള്ള സർവ്വകലാശാല ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കണം.

10.പ്രത്യേക കാര്യങ്ങളുടെ അടിസ്ഥാനത്തിലോ അല്ലാതെയോ ഉറപ്പിച്ച ക്വട്ടേഷൻ/ലേലം റദ്ദാക്കുന്നതിനുള്ള അധികാരം സർവ്വകലാശാല രജിസ്ട്രാറിൽ നിഷിപ്തമാണ്.

11. ലേലം /ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ
വിവരങ്ങൾലഭിക്കുന്നതിനുംമരങ്ങൾ നേരിൽ കാണുന്നതിനും എ.ഡി.ബി.3
സെക്ഷനുമായി ബന്ധപ്പെടാവുന്നതാണ്.

12.ലേല പ്രകാരം മുറിച്ചു മാറ്റുന്ന മരങ്ങളോടപ്പം അവയുടെ കൊമ്പുകളും
മരക്കഷ്ണങ്ങളും കൂടെ കൊണ്ട് പോകേണ്ടതാണ് .

(ഒപ്പ്)

ഡെപ്യൂട്ടി രജിസ്ട്രാർ.II(ഭരണം)
രജിസ്ട്രാർക്ക് വേണ്ടി

# <u>മഹാത്മാഗാന്ധി സർവകലാശാല</u>

## <u>ക്വട്ടേഷൻ ഫോറം</u>

ക്വട്ടേഷൻ നോട്ടീസ് എ.ഡി.ബി.3/മരങ്ങൾ - SOL - Thalapady - SPAP/1/2022/ഭരണം, തീയതി 22.02.2022 പ്രകാരം മഹാത്മാ ഗാന്ധി സർവകലാശാലയുടെ അതിരമ്പുഴ ക്യാമ്പസിൽ വിലയ്ക്ക് വാങ്ങി നീക്കം ചെയ്യേണ്ട മരങ്ങൾ നേരിട്ട് കണ്ടു. ഇവ സർവകലാശാല നിബന്ധനകൾക്ക് വിധേയമായി....................രൂപയ്ക്ക് (..........................................മാത്രം) വാങ്ങി നീക്കുവാനുള്ള സന്നദ്ധത അറിയിക്കുന്നു.

ഒപ്പ്:

പേര്:

വിലാസം:

ഫോൺ:

തീയതി: